(ഡി) മോണിറ്ററിംഗ് കമ്മിറ്റി ഏറ്റവും ഒടുവിൽ സ്ഥിതിഗതികൾ വിലയിരുത്തിയത് എപ്പോഴാണ്; ഏതെങ്കിലും നദിയിൽ നിന്നും വെള്ളം ചോർത്തിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാധകമല്ല.

(സി) ജലച്ചോർച്ച റിപ്പോർട്ട് ചെയ്യുന്നതിനായുള്ള ടാസ്ക് ഫോഴ്സിന്റെയും ഹൈലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെയും പ്രവർത്തനം ഫലപ്രദമായി നടന്നുവരുന്നു. ഫീൽഡ് ലെവൽ ടീമിലെ അംഗങ്ങളായ ഉദ്യോഗസ്ഥർ അവരുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ പരിശോധന നടത്താറുണ്ട്.

(ഡി) 2004 സെപ്റ്റംബർ മാസത്തിലാണ് ഹൈലെവൽ മോണിറ്ററിംഗ് കമ്മിറ്റി ഏറ്റവും ഒടുവിൽ സ്ഥിതിഗതികൾ വിലയിരുത്തിയത്. ഏതെങ്കിലും നദിയിൽ നിന്നും അന്യസംസ്ഥാനങ്ങൾ വെള്ളം ചോർത്തിക്കൊണ്ടു പോകുന്നതായി കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

[*154-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.]

വായ്പത്തുക തിരിച്ചുനൽകുന്നതിനും വായ്പകൾ കൂടാതിരിക്കുന്നതിനും നടപടി

*5 [155] *ശ്രീ. പി. കെ. കെ. ബാവ:*
,, *സി. മോയിൻകുട്ടി:*
,, *കളത്തിൽ അബ്ദുള്ള:*
,, *ഇസ്ഹാക് കുരിക്കൾ:*
,, *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ എന്ത് തുക വായ്പായിനത്തിൽ കൊടുത്ത് തീർക്കാനുണ്ട്;

(ബി) വാർഷിക ഗഡു ഇനത്തിലും പലിശയിനത്തിലും എന്ത് തുക ഈ വർഷത്തിൽ കൊടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വാർഷിക ഗഡുവും പലിശയും അടച്ചുതീർക്കുന്നതിനുവേണ്ടിയുള്ള വരുമാനം ലഭിക്കുന്ന ഏതെങ്കിലും പ്രോജക്ടിൽ വായ്പാതുക മുതൽമുടക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ വായ്പാതുക തിരിച്ച് നൽകുന്നതിനും ഭാവിയിൽ വായ്പകൾ വർദ്ധിക്കാതിരിക്കുന്നതിനും വേണ്ടി എന്ത് നടപടിയാണ് ഗവൺമെന്റിന്റെ പരിഗണനയിലുള്ളത്?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്ക് പ്രകാരം 31-5-2005 വരെ 78348.72 കോടി രൂപ വായ്പയിനത്തിലും 14806.28 കോടി രൂപ ഡെപ്പോസിറ്റ് ഇനത്തിലുമായി കൊടുത്തു തീർക്കാനുണ്ട്.

(ബി) 2005-2006 സാമ്പത്തിക വർഷത്തിൽ വായ്പയിനത്തിൽ വാർഷിക ഗഡു വായി 1209.45 കോടി രൂപയും പലിശയിനത്തിൽ 3883.56 കോടി രൂപയും കൊടുക്കാനുണ്ട്. ഡെപ്പോസിറ്റ് ഇനത്തിൽ തിരികെ നൽകുവാനായി 9508.01 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) പദ്ധതി നിർവ്വഹണത്തിനായിട്ടാണ് സംസ്ഥാനം പ്രധാനമായും വായ്പ എടുക്കുന്നത്. മൊത്തത്തിൽ സമ്പദ്ഘടനയ്ക്കു ഗുണകരമായ പദ്ധതികൾക്കു മുതൽമുടക്കായിട്ടാണ് ഈ തുകകൾ വിനിയോഗിക്കുന്നത്. ഇതിൽ നിന്നും സംസ്ഥാനത്തിന് നേരിട്ട് ലഭിക്കുന്ന വരുമാനം ഇറിഗേഷൻ സെസ്സ്, ഡിവിഡന്റ് മുതലായ ഇനങ്ങളിൽ വരുന്ന നാമമാത്രമായ തുകകളാണ്. മുതലും പലിശയും അടച്ചു തീർക്കുന്നതിന് വേണ്ടിയുള്ള വരുമാനം ഇതിൽ നിന്നും ലഭിക്കുന്നില്ല.

(ഡി) വർഷംതോറും പദ്ധതി അടങ്കൽ വർദ്ധിച്ചു വരുന്നതിനാൽ കടമെടുക്കൽ കുറയ്ക്കാൻ കഴിയുകയില്ല. എന്നാൽ പലിശയിനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ബാദ്ധ്യത കുറച്ചുകൊണ്ടുവരുവാൻ ഡെബ്റ്റ് സ്വാപ്പ് (Debt Swap Scheme) പദ്ധതി പ്രകാരം ഉയർന്ന പലിശനിരക്കിലുള്ള വായ്പകൾ താരതമ്യേന കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകളാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly